# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:ആവഡ- ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026- പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഉൾപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:-1. 20/08/26-ലെ സ.ഉ.(സാധാ)നം.2790/2026H&FWD

2) 01/7/2026-ലെ ഉത്തരവ് നം. ഇ.ബി 4-9484/2026/ആവഡ

3) 09/7/2026-ലെ ഉത്തരവ് നം. ഇ.ബി 4-9484/2026/ആവഡ

4) OA (EKM) No.891/2026 നമ്പർ ഹർജിയിൻമേൽ ബഹു: അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 03/07/26-ലെ ഉത്തരവ്.

ഉത്തരവ്നം:ഇ.ബി4-9484/2026/ആ.വ.ഡ തീയതി: 05-09-2026

ആരോഗ്യവകുപ്പിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിൻറെ ഭാഗമായുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർക്ക് നിശ്ചിത പരിധിക്കുള്ളിൽ ഹർജി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അപ്പീൽ ഹർജി പരിഗണിച്ച് പരിഷ്കരിച്ച അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

എന്നാൽ ആരോഗ്യ വകുപ്പിലെ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.സിന്ധു.വി, 2026 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ ടി മെഡിക്കൽ ഓഫീസറെ വളയം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ബഹു. ട്രൈബ്യൂണൽ മുമ്പാകെ OA (EKM) നം.891/2026 നമ്പർ ഹർജി ഫയൽ ചെയ്യുകയും, പ്രസ്തുത OA-യിന്മേലുള്ള പരാമർശം (4) പ്രകാരമുള്ള ഉത്തരവിൽ ഡോ. സിന്ധു. വി സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ച്, കഴിയുന്നതും വേഗത്തിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് ബഹു. ട്രൈബ്യൂണൽ നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് അനുവർത്തനം ചെയ്തു പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

പ്രസ്തുത ഉത്തരവിൽ ഡോ സിന്ധു. വി, സമർപ്പിച്ച Annexure A7

അപേക്ഷ നിരസിച്ചുകൊണ്ടും, അപ്പീൽ അപേക്ഷയിൽ അപേക്ഷക സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലോ വടകര ജില്ലാ ആശുപത്രിയിലോ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് നിലവിൽ വരുന്ന മുറയ്ക്ക് പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം ടിയാളുടെ യോഗ്യത പരിശോധിച്ച് നിയമനം നൽകുന്നതിനും, അല്ലാത്തപക്ഷം അടുത്ത വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ ടിയാൾ അപേക്ഷ സമർപ്പിക്കുന്ന പക്ഷം ടിയാൾക്ക് അനുയോജ്യമായ സ്ഥാപനത്തിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിശോധിച്ച് നിയമനം അനുവദിക്കുന്നതിനും സർക്കാർ നിർദേശിച്ചിരിക്കുന്നു.

ഇപ്രകാരം ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവ് അനുവർത്തനം ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിലെ ക്രമ നം 30,31,37- ആയി ഉൾപ്പെട്ട ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

വിടുതൽ/പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ഔദോഗികാവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്.

Digitally signed by
Meenakshy V
Date: 05-09-2026
18:21:53

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് .

പകർപ്പ്

1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്.

2) ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്.

3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി .

4) ഫയൽ / കരുതൽ ഫയൽ.